2011-ലെ ലോഗോസ് ക്വിസ് മത്സരത്തിൽ സി – വിഭാഗത്തിൽ സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനവും ലോഗോസ് പ്രതിഭാപട്ടവും നേടിയ സി. ബെറ്റി തോമസ്. പാലാ രൂപതയിൽ സേവനമനുഷ്ഠിക്കുന്ന ലിറ്റിൽ അപ്പോസൽസ് ഓഫ് റിഡംപ്ഷൻ സമൂഹാംഗമായ സിസ്റ്റർ ഇടുക്കി കട്ടപ്പന ആലയ്ക്കൽ തോമസ് – അന്നമ്മ ദമ്പതികളുടെ ഇളയപുത്രിയാണ്. ഇപ്പോൾ മണ്ണയ്ക്കനാട് ഒ.എൽ.സി ബധിരവിദ്യാലയത്തിലെ അധ്യാപികയായി പ്രവർത്തിക്കുന്നു. പാലാ രൂപത ബൈബിൾ അപ്പോസ്തലേറ്റിന്റെയും സ്വന്തം സമൂഹാം ഗങ്ങളുടെയും പിന്തുണയും പ്രാർത്ഥനയുമാണ് ഈ നേട്ടം കൈവരിക്കാൻ തന്നെ സഹായിച്ചതെന്ന് സിസ്റ്റർ പറഞ്ഞു. സിസ്റ്റർ അംഗമായ ലിറ്റിൽ അപ്പോസൽസ് ഓഫ് റിഡംപ്ഷൻ കോൺഗ്രിഗേഷൻ കുഞ്ഞുങ്ങളു ടെയും അഗതികളുടെയും ആലംബഹീനരുടെയും ഉദ്ധാരണത്തിനും സമുന്നതിയ്ക്കും പ്രാമുഖ്യം നല്കിക്കൊണ്ട് ഇറ്റലിയിലെ വിഷാനോയിൽ ഫാ. അർത്തൂറോ ദൊണോഫ്രിയോ എന്ന വൈദികനാൽ സ്ഥാപിക്കപ്പെട്ടതാണ്. ഇതിന്റെ ഇന്ത്യയിലെ ആദ്യഭവനം പാലാരൂപതയിൽ മണ്ണയ്ക്കനാട് എന്ന ഇടവക യിൽ സ്ഥാപിതമാണ്. ബധിരരും മൂകരുമായ കുഞ്ഞുങ്ങളുടെ സംരക്ഷണത്തിനു വേണ്ടിയുള്ള ഒ.എൽ.സി ഹൈസ്ക്കൂളിൽ രസതന്ത്ര അധ്യാപികയാണ് സി.ബെറ്റി. ക്ലാസിലെ ഒഴിവുസമയങ്ങളിലും മറ്റും ലോഗോസ് ക്വിസിനായുള്ള ഭാഗങ്ങൾ മനഃപാഠമാക്കിയും സി.ഡി മുതലായവയിലൂടെ അറിവ് നേടിയുമാണ് സിസ്റ്റർ ലോഗോസ് പ്രതിഭാപട്ടത്തിനൊരുങ്ങിയത്.